പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 475 13-10-2026-ൽ മറുപടിയ്ക്ക്

ഐ.ടി. അധിഷ്ഠിത തൊഴിലവസരങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കേരളത്തിലേക്ക് കൂടുതൽ ഐ.ടി. നിക്ഷേപങ്ങൾ ആകർഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: കേരളത്തെ രാജ്യത്തെ പ്രമുഖ ഐ.ടി. നിക്ഷേപ കേന്ദ്രമാക്കി മാറ്റുന്നതിനും ദേശീയ-അന്തർദേശീയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായി അന്താരാഷ്ട്ര ഐ.ടി. പ്രദർശനങ്ങൾ, നിക്ഷേപ സംഗമങ്ങൾ, റോഡ് ഷോകൾ, ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകളെ (GCCs) കേന്ദ്രീകരിച്ചുള്ള സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

ടെക്നോപാർക്കിന്റെ ഒന്നും മൂന്നും ഘട്ടങ്ങളിലും ടെക്നോസിറ്റിയിലും തയ്യാറായ കെട്ടിടങ്ങളും വികസിപ്പിച്ച ഭൂമിയും നിക്ഷേപകർക്ക് ലഭ്യമാക്കുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ പുതിയ ഐ.ടി കെട്ടിട സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനും വിമാനത്താവളങ്ങൾ, ദേശീയപാതകൾ എന്നിവയുമായി മികച്ച ബന്ധമുള്ള പ്രദേശങ്ങളിൽ പുതിയ ഐ.ടി പാർക്കുകളും ഇടനാഴികളും വികസിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകിവരുന്നു. നിക്ഷേപകർക്ക് അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. രണ്ടാംനിര, മൂന്നാംനിര നഗരങ്ങളിലേക്കും ഐ.ടി വ്യവസായം വ്യാപിപ്പിച്ച് നിക്ഷേപം ആകർഷിക്കാനും ലക്ഷ്യമിടുന്നു.

സ്റ്റാർട്ടപ്പ് മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ സെബി അംഗീകൃത ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ടുകളുമായി ചേർന്ന് ഫണ്ട് ഓഫ് ഫണ്ട് പദ്ധതി നടപ്പാക്കുന്നു. കൂടാതെ, റിസർച്ച് ഗ്രാന്റ്, നിധി പ്രയാസ് ഗ്രാന്റ്, സ്റ്റാർട്ടപ്പ് ഇന്ത്യ, സീഡ് ലോൺ, റിസർച്ച് ഇന്നവേഷൻ ചലഞ്ചസ്, മാർക്കറ്റ് സപ്പോർട്ട് സ്കീം എന്നിവയും ലഭ്യമാക്കുന്നു.

നൈപുണ്യമുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാക്കി നിക്ഷേപം ആകർഷിക്കുന്നതിനായി, ഐ.സി.ടി അക്കാദമി ഓഫ് കേരള 2027-28 മുതലുള്ള സംസ്ഥാന പദ്ധതിക്കു കീഴിൽ ഐ.ടി പാർക്കുകളിലെ നൈപുണ്യ കേന്ദ്രങ്ങൾ, സ്കീൽ കേരളം, ജോബ് വാച്ച്ടവർ, മേഖലാധിഷ്ഠിത ഹബ്ബുകൾ എന്നീ പദ്ധതികൾ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഐ.ടി. കമ്പനികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

മറുപടി: സംസ്ഥാനത്തെ ഐ.ടി അടിസ്ഥാന സൗകര്യ വികനസത്തിനായി ടെക്നോപാർക്കിന്റെ 389 ഏക്കർ വിസ്തൃതിയുള്ള ടെക്നോസിറ്റിയിൽ സംയോജിത ഐ.ടി ടൗൺഷിപ്പ് വികസിപ്പിച്ചുവരുന്നു. വിവിധ ഐ.ടി വാണിജ്യ പദ്ധതികൾ, പുരോഗമിക്കുന്നതോടൊപ്പം സൺടെക് ക്യാമ്പസിന്റെയും കബിനി ഐ.ടി ബിൽഡിംഗിന്റെയും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇൻഫോപാർക്കിന്റെ നാലാംഘട്ട വികസനത്തിനായി ഇരുമ്പനത്ത് 33.5 ഏക്കർ ഭൂമി ലഭ്യമായിട്ടുണ്ട്. ഇൻഫോപാർക്ക് രണ്ടാം ഘട്ടത്തിലെ വിവിധ സ്ഥാപനങ്ങളുടെ പദ്ധതികളും പുരോഗമിക്കുന്നു.

കോഴിക്കോടിനെ കേരളത്തിന്റെ അടുത്ത ഐ.ടി ഡെസ്റ്റിനേഷനാക്കി മാറ്റുവാനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. സൈബർ പാർക്കിൽ നാല് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ടാമത്തെ ഐ.ടി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

ഐ.ടി പാർക്കുകളിൽ റോഡ്, വൈദ്യുതി, ജലം, ഡിജിറ്റൽ കണക്റ്റിവിറ്റി, പാർക്കിംഗ്, സുരക്ഷ, പ്ലഗ് ആൻഡ് പ്ലേ ഓഫീസ് സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുകയും ഏകജാലക അനുമതി സംവിധാനം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി റോഡ് വികസനം, കൊച്ചി മെട്രോയുടെ രണ്ടാംഘട്ടം, വാട്ടർ മെട്രോ ശൃംഖലാ വികസനം എന്നിവയ്ക്കും പ്രാധാന്യം നൽകുന്നു.

(സി) ഗ്രാമീണ മേഖലകളിൽ ഐ.ടി. അധിഷ്ഠിത തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ എന്ത് പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

മറുപടി: ഐ.ടി വ്യവസായം രണ്ടാംനിര, മൂന്നാംനിര നഗരങ്ങളിലേയ്ക്കും ഗ്രാമീണ, അർധനഗര മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിനായി സർക്കാർ ഹബ് ആൻഡ് സ്പോക്ക് മാതൃകയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടെക്നോപാർക്കിന്റെ കൊല്ലം കേന്ദ്രത്തിൽ 16 കമ്പനികൾ പ്രവർത്തിക്കുകയും ഏകദേശം 560 തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇൻഫോപാർക്കിന്റെ കൊരട്ടി, ചേർത്തല കേന്ദ്രങ്ങൾ ഉൾപ്പെടെ പ്രാദേശിക ഐ.ടി കേന്ദ്രങ്ങളിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും പ്രാദേശിക യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

ഐ.സി.ടി അക്കാദമി ഓഫ് കേരളയുടെ നേതൃത്വത്തിൽ സ്കിൽ കേരളം, സർവ്വകലാശാല നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ, ജോബ് വാച്ച്ടവർ, ഡിജിറ്റൽ സാക്ഷരതയ്ക്കായി 2,000 മാസ്റ്റർ ട്രെയിനർമാരുടെയും വോളന്റിയർമാരുടെയും ശൃംഖല, 25,000 അധ്യാപകർക്കുള്ള പരിശീലനം, 3,100 എം.എസ്.എം.ഇ സംരംഭങ്ങളുടെ ഡിജിറ്റൽ പരിവർത്തനം എന്നിവ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ ഗ്രാമീണ മേഖലയിലെ നൈപുണ്യ വികസനം, ഐ.ടി അധിഷ്ഠിത തൊഴിലവസരങ്ങൾ, ഡിജിറ്റൽ സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.

(ഡി) ഐ.ടി. മേഖലയിൽ കേരളത്തിലെ യുവാക്കൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐ.ടി. മേഖലയുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: കേരളത്തിലെ യുവാക്കൾക്ക് ഐ.ടി മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും വ്യവസായത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് നൈപുണ്യം വികസിപ്പിക്കുന്നതിനുമായി ICT Academy of Kerala, കേരള സ്റ്റാർട്ടപ്പ് മിഷൻ, Gtech-ന്റെ MU Learn എന്നിവ മുഖേന പരിശീലനം, സർട്ടിഫിക്കേഷൻ, ഇൻകുബേഷൻ, ഇന്റേൺഷിപ്പ്, തൊഴിൽസഹായം തുടങ്ങിയവ നൽകിവരുന്നു.

നിർമ്മിത ബുദ്ധി, ജനറേറ്റീവ് AI, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഡാറ്റാ സയൻസ്, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രത്യേക പ്രാധാന്യം നൽകുന്നു.

ഇതിന്റെ ഭാഗമായി 2027-28 ൽ 25,000 പേർക്ക് പരിശീലനം നൽകുന്ന സ്കിൽ കേരളം, നാല് വർഷത്തിനുള്ളിൽ 50,000-ത്തിലധികം പേർക്ക് പരിശീലനവും തൊഴിൽ സഹായവും നൽകുന്ന ഐ.ടി പാർക്ക് സ്കിൽ സെന്ററുകൾ, 20,000-ത്തിലധികം പ്ലേസ്മെന്റുകൾ/ അഭിമുഖങ്ങൾ ലക്ഷ്യമിടുന്ന ജോബ് വാച്ച്ടവർ, 2030-31 ഓടെ 14 ആയി ഉയർത്തുന്ന സർവ്വകലാശാലാ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ എന്നിവ ICT Academy നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, 20,000 ആരോഗ്യ പരിപാലന വിദഗ്ധർക്കും 15,000 പഠിതാക്കൾക്കും പരിശീലനം നൽകുന്ന ഡിജിറ്റൽ ഹെൽത്ത്, ഗ്രീൻടെക് പദ്ധതികൾ, 20,000 അധ്യാപകരുടെ നൈപുണ്യ വികസനം, ഏകദേശം 25 ലക്ഷം പൗരന്മാർക്കുള്ള ഡിജിറ്റൽ സുരക്ഷാ ബോധവൽക്കരണം എന്നിവയും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ